# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 47/2020 (വെള്ളിയാഴ്ച)** **തീയ്യതി:21.08.2020**

## അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 22.08.2020 | 23.08.2020 | 24.08.2020 | 25.08.2020 | 26.08.2020 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 4 | 6 | 7 | 10 | 15 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 73 | 73 | 73 | 73 | 73 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 10 | 8 | 8 | 8 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 320 | 320 | 290 | 340 | 50 |
| മേഘവ്യാപ്തി (ഒക്ട) | 7 | 8 | 8 | 8 | 8 |

ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ മഴ പ്രതീക്ഷിക്കുന്നു. കൂടിയ താപനില 32 °C വരെ എത്താൻ സാധ്യതയുണ്ട്. ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെ പ്രവചനമനുസരിച്ചു അടുത്തയാഴ്ച (23rd to 29th ഓഗസ്റ്റ്) കേരളത്തിൽ മഴയുടെ അളവ് സാധാരണയെക്കാൾ 25.4 % കൂടാൻ സാധ്യത.

**പൊതു നിർദ്ദേശങ്ങൾ**: സ്പ്രേയിങ്ങും വളപ്രയോഗവും കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം ചെയ്യുക. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

## കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ബാക്റ്റീരിയൽ ഓലകരിച്ചിൽ | ഞാറു പറിച്ചു നട്ടതിനു ശേഷം നെൽപ്പാടങ്ങളിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക. |
| തെങ്ങ് | കൂമ്പു ചീയൽ | മഴക്കാലത്തു തെങ്ങിൽ കൂമ്പു ചീയൽ രോഗം വരാൻ സാധ്യതയുള്ളതിനാൽ ട്രൈക്കോഡെർമ വേപ്പിൻ പിണ്ണാക്ക് കേക്ക് 3 എണ്ണം വീതം കൂമ്പോലക്കു് ചുറ്റുമുള്ള ഇലക്കവിളുകളിൽ വച്ച് കൊടുക്കുക. അല്ലെങ്കിൽ 3 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. |
| നെല്ല് | തണ്ടുതുരപ്പൻ | നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കുന്നതിനായി ട്രൈക്കോഗ്രമ്മ ജാപോണിക്കത്തിന്റെ മുട്ടക്കാർഡുകൾ ഒരു ഏക്കറിന് 2cc എന്ന കണക്കിൽ ഞാറു പറിച്ചു നട്ടു ഒരാഴ്ചക്ക് ശേഷം സ്ഥാപിക്കുക. ശലഭത്തെ നെല്ചെടിയിൽ കണ്ടുതുടങ്ങിയാൽ കാർടാപ് ഹൈഡ്രോക്ലോറൈഡ് എന്ന തരി രൂപത്തിലുള്ള കീടനാശിനി ഒരു ഏക്കറിന് 5 കിലോ ഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക. |
| നെല്ല് | കളനശീകരണം | പറിച്ചു നട്ട് 20 മുതൽ 25 ദിവസമായ നെൽപ്പാടങ്ങളിൽ കളനശീകരണത്തിനായി ബിസ്പൈരിബാക് സോഡിയം (നോമിനീഗോൾഡ്) എന്ന കളനാശിനി ഒരു ഏക്കറിന് 120 ml 200 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക |
| മൃഗപരിപാലനം | | മഴക്കാലമായതിനാൽ കന്നുകാലികളിൽ ശ്വാസകോശ സംബന്ധമായ അണുബാധ ഉണ്ടാകാനിടയുള്ള സമയമാണിത്. നേരുത്തേ തന്നെ ലക്ഷണങ്ങൾ തിരിച്ചറിയുകയും അതനുസരിച്ചുള്ള ചികിത്സ നേടേണ്ടതുമാണ്. |